(സി) ഈ പദ്ധതിക്കായി എത്ര യുവജനങ്ങളെ തെരഞ്ഞെടുക്കുമെന്നും ഇവർക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങൾ നൽകുമെന്നും വ്യക്തമാക്കുമോ ;

(ഡി) സേവന കേന്ദ്രങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിനു കീഴിൽ നടന്ന വികസന പ്രവർത്തനങ്ങൾ

227 (1196) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിനുകീഴിൽ നടന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിനായി ഓരോന്നിനും എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള റോഡിന്റെ നിർമ്മാണം

228 (1197) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും, തണ്ണിത്തോട് മൂഴിയിൽ നിന്നും കരിമാൻതോടിന് പോകുന്നതുമായ റോഡ് പ്ലാന്റേഷൻ കോർപ്പറേഷന്റെ അതിർത്തിയായ അള്ളുങ്കൽ മുതൽ 2.75 കി.മീ. ഭാഗം കെ.എസ്.ടി.പി. മാതൃകയിൽ പൂർത്തീകരിക്കുമെന്ന് ബഹു. മന്ത്രി സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(സി) ഈ വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) 6-7-2010-ൽ നൽകിയ കത്തിന്മേൽ നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത വർക്കിനെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) നടപടികൾ കൈക്കൊള്ളുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly